**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 874** **12-06-2024 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല മണ്ഡലത്തിലെ അംബേദ്കർ ഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ പാറശ്ശാല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ; | (എ) | പട്ടികജാതി വികസന വകുപ്പ് പാറശ്ശാല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയായ കൊടവിളാകം മുണ്ടോല കോളനി കുടിവെള്ള പദ്ധതി 3,51,300/- (മൂന്നു ലക്ഷത്തി അൻപത്തൊന്നായിരത്തി മുന്നൂറ് രൂപ മാത്രം )രൂപ വിനിയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട് .<br><br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം പട്ടികവർഗ വികസന വകുപ്പിനു കീഴിൽ പാറശ്ശാല മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് മുഖേന അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ പാറശ്ശാല മണ്ഡലത്തിലെ വിവിധ കോളനികളുടെ നവീകരണത്തിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി വ്യക്തമാക്കുമോ? | (ബി) | പട്ടികജാതി വികസന വകുപ്പിനു കീഴിൽ അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം 2016 മുതൽ പാറശ്ശാല മണ്ഡലത്തിലെ വിവിധ കോളനികളിൽ നടത്തിയ നവീകരണ പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br><u>2016-17</u><br><br>പുല്ലച്ചക്കോണം കല്ലുവിള കോളനിയുടെ പണി പൂർത്തീകരിച്ചു. ഫൈനൽ ബില്ല് , ഫൈനൽ മിനിറ്റ്സ് എന്നിവ ലഭ്യമായിട്ടുണ്ട്.<br><br>വേങ്കവിള കുട്ടത്തിവിള നക്കോട്ടുകോണം കോളനിയുടെ പണി പൂർത്തീകരിച്ചു. ഫൈനൽ ബില്ല് ഫൈനൽ മിനിറ്റ്സ് എന്നിവ ലഭ്യമായിട്ടുണ്ട്.<br><br><u>2021-22</u><br><br>AKG Colony യുടെ എസ്റ്റിമേറ്റ് ന്യൂനത പരിഹരിച്ച് പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടുണ്ട്. അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| | | | മലഞ്ചുറ്റ് കോളനിയുടെ 50% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്.<br><br>പട്ടികവർഗ വികസന വകുപ്പിന്റെ കീഴിൽ, 2017-18 സാമ്പത്തിക വർഷത്തിൽ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പൂരി ഗ്രാമപഞ്ചായത്തിലെ തെൻമല പട്ടികവർഗ്ഗ സങ്കേതത്തിലെ തെൻമല കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം, പുരവിമല -തേക്കിൻമൂട് റോഡ് ഇന്റർലോക്ക് രണ്ടാം ഘട്ട നിർമ്മാണം , പീയണിപ്പാറ കണ്ണമാംമൂട് റോഡ് ഇന്റർലോക്ക് രണ്ടാം ഘട്ട നിർമ്മാണം, നടപ്പാത നിർമ്മാണം എന്നീ പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട് .<br><br>2022-23 - ലെ അംബേദ്കർ സെറ്റിൽമെന്റ് പദ്ധതിയിൽ ഉൾപ്പെടുത്തി അമ്പൂരി ഗ്രാമപഞ്ചായത്തിലെ പുരവിമല പട്ടികവർഗ്ഗ സങ്കേതത്തെ തെരഞ്ഞെടുക്കുകയും ടി കോളനിയുടെ പ്രവൃത്തികൾക്കായുള്ള നിർവ്വഹണ ഏജൻസിയെ നിശ്ചയിക്കുന്നതിനും ഡി.പി.ആർ. തയ്യാറാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു . |

സെക്ഷൻ ഓഫീസർ

| അനുബന്ധം | | | |
|---|---|---|---|
| ക്രമ നമ്പർ | അംഗീകാരം ലഭിച്ച പദ്ധതികൾ പദ്ധതി | ചെലവഴിച്ച തുക | നിലവിലെ സ്ഥിതി |
| 1 | നിർദ്ധരായ കിടപ്പ് രോഗികൾക്ക് ധനസഹായം | 3,66,924 | പൂർത്തിയായി |
| 2 | ഓൺലൈൻ പഠന സംവിധാനത്തിനായി ലാപ്ടോപ്പ് വാങ്ങി നൽകൽ | 1,41,990 | പൂർത്തിയായി |
| 3 | ഇന്റർനെറ്റ് കണക്ടിവിറ്റി | 2,79,153 | പൂർത്തിയായി |
| 4 | റബ്ബർ റോളർ വിതരണം ഷെഡ് പ്ലാറ്റ് ഫോം നിർമ്മാണം | 2,00,000 | പൂർത്തിയായി |
| 5 | റബ്ബർ റോളർ | 3,15,000 | പൂർത്തിയായി |
| 6 | എ.ബി.സി.ഡി.ക്യാമ്പ് | 17,919 | പൂർത്തിയായി |
| 7 | പീയണിപ്പാറ - വെല്ലിയിൽ റോഡ് | 17,00,000 | പദ്ധതി തുകയായ 85,00,000/- രൂപയുടെ 20% തുകയായ 17,00,000/- രൂപ അമ്പൂരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിക്ക് അനുവദിച്ചു (റോഡ് കോൺക്രീറ്റ് നുള്ള സൈറ്റ് ലെവലിംഗ് നടത്തി ലെവൽസ് അപ്രൂവലിന നൽകി മെറ്റീരിയൽസ് ഇറക്കി) |
| 8 | തെൻമല പട്ടികവർഗ്ഗ സങ്കേതം കമ്മ്യൂണിറ്റിഹാൾ ഇലക്ട്രിഫിക്കേഷൻ | 84,444/- | പൂർത്തിയായി |
| 9 | തെൻമല പട്ടികവർഗ്ഗ സങ്കേതം കമ്മ്യൂണിറ്റിഹാൾ വൈദ്യുതി കണക്ഷൻ, ഇന്റർലോക്ക് | 1,24,357/- | പദ്ധതി തുകയായ 6,21,783/- രൂപയുടെ 20% തുകയായ 1,24,357/- രൂപ അമ്പൂരി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അനുവദിച്ചു. കമ്മ്യൂണിറ്റിഹാൾ പരിസരം ഇന്റർലോക്ക് പ്രവൃത്തിയ്ക്ക് സാങ്കേതിക അനുമതി ലഭ്യമായിട്ടുണ്ട്. 2024-25 വാർഷിക പദ്ധതിയിലെ പ്രോജക്ടിനോടൊപ്പം ടെൻഡർ ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

| | | | |
|---|---|---|---|
| 10 | പുരവിമല സബ് സെന്റർ നിർമ്മാണം | | പദ്ധതി തുക 50,00,000/- രൂപ. കരാർ ഒപ്പ് വയ്ക്കുന്നതിന് നിർവ്വഹണ ഏജൻസിയായ പെരുങ്കടവിള ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ട്. |